LIBRARY ARCHIVES Kerala Legislative Assembly

(സി) ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി 1-6-2018 മുതൽ വിലയിൽ ഒരു രൂപായെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (31-5-2018-ലെ SRO No.345/18). പെട്രോൾ, ഡീസൽ എന്നിവയെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രാഥമിക ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടുണ്ട്. പൊതുവെ എല്ലാ സംസ്ഥാനങ്ങളുടെയും വരുമാനത്തെ ബാധിക്കുന്ന പ്രശ്നമായതിനാൽ വിശദമായ ചർച്ച ഇതുവരെ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടില്ല.

**നികുതിയിനത്തിൽ ലഭിച്ച തുക**

87 (2363) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലവളവിൽ നികുതിയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലേറിയശേഷം നികുതി വരുമാനത്തിലുണ്ടായ വർദ്ധനയുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലയളവിൽ നികുതിയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | സംസ്ഥാന തനത് നികുതി വരുമാനം (കോടിയിൽ) | കേന്ദ്ര നികുതി വരുമാനം (കോടിയിൽ) | ആകെ നികുതി വരുമാനം (കോടിയിൽ) |
|---|---|---|---|
| 2011-12 | 25718.59 | 5990.36 | 31708.95 |
| 2012-13 | 30076.6 | 6840.65 | 36917.25 |
| 2013-14 | 31995.02 | 7468.68 | 39463.70 |
| 2014-15 | 35232.50 | 7926.29 | 43158.79 |
| 2015-16 | 38995.15 | 12690.67 | 51685.82 |
| 2016-17 | 42176.38 | 15225.02 | 57401.40 |
| 2017-18 | 48399.51 | 14893.21 | 63292.72 |

(ബി) ഈ സർക്കാർ അധികാരത്തിലേറിയ ശേഷം നികുതി വരുമാനത്തിലുണ്ടായ വർദ്ധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച വരുമാനം (തുക കോടിയിൽ) | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|
| 2016-17 | 57401.40 | 11.06% |
| 2017-18 | 63292.72 | 10.26% |

**സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവനനിരക്കുകൾ**

88 (2364) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുമെന്ന് 2018-19 ലെ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നോ;

(ബി) എന്നുമുതലാണ് വർദ്ധനവ് വരുത്തിയിരിക്കുന്നത് എന്നറിയിക്കുമോ;;

(സി) സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെയും പുതുക്കിയ സേവന നിരക്കുകൾ വിശദമാക്കുമോ;

(ഡി) സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തിയ ശേഷം ഈയിനത്തിൽ സർക്കാരിന് കിട്ടിയ വരുമാനം ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവന നിരക്കുകളിൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തുമെന്ന് 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 274-ൽ വ്യക്തമാക്കിയിരുന്നു.

(ബി&സി) 17-3-2018-ലെ സ.ഉ. (അച്ചടി)നം.44/2018/ധന പ്രകാരമുള്ള നിരക്ക് വർദ്ധനവിന് 1-4-2018 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. ടി ഉത്തരവ് പ്രകാരം സർക്കാർ/പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ചാർജുകൾ എന്നിവയിൽ 5% വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

(ഡി) നടപ്പ് സാമ്പത്തിക വർഷം പൂർത്തിയായ ശേഷമേ നിരക്ക് വർദ്ധനവുമൂലം സർക്കാരിന് ലഭിച്ച വരുമാനം കണക്കാക്കാനാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly